ഖാദി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് ഖാദി കമ്മീഷന് താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്:

(1) ഖാദി നൂൽ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങളുടെ നിർമ്മാണത്തിന് 6,39,000 രൂപയുടെ പ്രോജക്ട്,

(2) ഖാദി തുണിത്തരങ്ങൾക്ക് സ്റ്റിഫ്നെസ്സ് ഉണ്ടാക്കുന്നതിന് 3 ലക്ഷം രൂപ വീതമുള്ള രണ്ടു പ്രോജക്ടുകൾ,

(3) കുപ്പടം നെയ്ത്ത് ലഘൂകരണത്തിന് 11,10,000 രൂപയുടെ പ്രോജക്ട്,

(4) പോളിസ്റ്റർ ഫൈബർ ഉപയോഗിച്ച് സാറ്റിൻ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിന് 6,39,000 രൂപയുടെ പ്രോജക്ട്,

(5) കുപ്പടം നെയ്ത്തിനുള്ള കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് 52,60,000 രൂപയുടെ പ്രോജക്ട്.

(സി) മാർജിൻമണി പദ്ധതിപ്രകാരം ഖാദി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഗ്രാമവ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ട് ആണ് സമർപ്പിക്കുന്നത്. ഖാദി ഗ്രാമവ്യവസായ കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതും, നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തതുമായ ഗ്രാമവ്യവസായങ്ങൾക്കാണ് മാർജിൻമണി പദ്ധതിയനുസരിച്ച് സഹായം നൽകുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ, മയക്കുമരുന്ന്, മദ്യം, ലഹരി പദാർത്ഥങ്ങൾ, മാംസം, മത്സ്യം എന്നിവ അടിസ്ഥാനപ്പെടുത്തിയ വ്യവസായങ്ങൾ നെഗറ്റീവ് ലിസ്റ്റിൽപ്പെടുന്നു. കയറും കയറധിഷ്ഠിത വ്യവസായങ്ങളും നെഗറ്റീവ് ലിസ്റ്റിൽ നിന്നും അടുത്തകാലത്ത് മാറ്റിയിട്ടുണ്ട്.

(ഡി) 2001-02, 2002-03 എന്നീ വർഷങ്ങളിൽ ആകെ 1083.52 ലക്ഷം രൂപ 826 യൂണിറ്റുകൾക്കായി മാർജിൻമണി ഗ്രാന്റായി ബോർഡ് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

പ്ലാച്ചിമടയിലെ കൊക്കൊക്കോള കമ്പനിയുടെ മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനം

*9 [939] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കൊക്കോള കമ്പനിയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളെക്കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കൊക്കൊക്കോള കമ്പനിയുടെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് എന്തൊക്കെ നിർദ്ദേശങ്ങളും ഉത്തരവുകളും നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവുകളും നിർദ്ദേശങ്ങളും പ്രസ്തുത കമ്പനി പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ വേണ്ടി എത്ര പ്രാവശ്യം പരിശോധന നടത്തി എന്ന് വെളിപ്പെടുത്താമോ; ആയതിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഖരമാലിന്യങ്ങളുടെ കെമിക്കൽ അനാലിസിസിൽ എന്തൊക്കെ മാലിന്യ ഘടകങ്ങൾ കണ്ടെത്തി എന്നും അവയിൽ ഏതൊക്കെ വിഷപദാർത്ഥങ്ങളാണെന്നും വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച അനാലിസിസ് റിപ്പോർട്ട് അനുബന്ധമായി (എ) ചേർത്തിരിക്കുന്നു.†

(ബി) കമ്പനി സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മലിനീകരണ നിയന്ത്രണ നിബന്ധനാ വിധേയമായ അനുമതിപത്രങ്ങളാണ് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ളത്.

കൂടാതെ ഫാക്ടറിയിലുണ്ടാകുന്ന ഖരമാലിന്യങ്ങൾ കമ്പനി പരിസരത്തു നിന്നും പുറത്തേക്ക് കൊണ്ടുപോകരുതെന്നും വളമായി കമ്പനി പരിസരത്തുപോലും ഉപയോഗിക്കരുതെന്നും ഉറപ്പാക്കണമെന്ന് 5-8-2003-ൽ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പകർപ്പ് അനുബന്ധമായി (ബി) ചേർത്തിട്ടുണ്ട്.†

(സി) മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ നിരവധി തവണ ഫാക്ടറിയിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ അനുബന്ധം (സി) യിൽ ചേർത്തിരിക്കുന്നു.†

(ഡി) ഖര മാലിന്യങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് താഴെ കൊടുക്കുന്നു:

നമ്പർ	മാലിന്യ ഘടകം	യൂണിറ്റ്	പരിശോധനാ റിപ്പോർട്ട്		കമ്പോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകാര്യമായ പരിധി
			10-1-2003	29-7-2003	
1	അയൺ	മില്ലിഗ്രാം/ കി.ഗ്രാം.	23.6	4514	പരിധി പറഞ്ഞിട്ടില്ല
2	സിങ്ക്	,,	1.2	471	1000
3	കോപ്പർ	,,	ബി.ഡി.എൽ.*	196.3	300
4	ആർസനിക്	,,	ബി.ഡി.എൽ.*	ബി.ഡി.എൽ.*	10
5	കാഡ്മിയം	,,	ബി.ഡി.എൽ.*	201.8	5
6	നിക്കൽ	,,	0.24	81.4	50
7	ലെഡ്	,,	0.41	319	100
8	ടോട്ടൽ ക്രോമിയം	,,	0.31	97.1	50
9	മാംഗനീസ്	,,	..	147.2	പരിധി പറഞ്ഞിട്ടില്ല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* Below Detectable Level

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, നിക്കൽ, ലെഡ്, ടോട്ടൽ ക്രോമിയം എന്നിവയുടെ അളവ് ടോട്ടൽ കംപോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകാര്യമായ പരിധിയിലും കൂടുതലാണ്. അതിനാൽ ഖരമാലിന്യം വളമായി ഉപയോഗിക്കാൻ പാടില്ല.

അർഹതപ്പെട്ട സംവരണം നിലനിർത്താൻ നടപടി

*10 [940] ശ്രീ. സാജു പോൾ:
,, കോടിയേരി ബാലകൃഷ്ണൻ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വീകരിച്ച സാമ്പത്തിക നയത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റെയും ഫലമായി വർഷങ്ങളായി നിയമനങ്ങളിലും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണം അർഹതപ്പെട്ടവർക്ക് നഷ്ടപ്പെടുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പിന്നോക്ക സമുദായങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റും ലഭിച്ചുകൊണ്ടിരുന്ന സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിലനിന്നിരുന്ന സംവരണതത്വം സ്വകാര്യ സ്ഥാപനങ്ങളിൽ പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;.

(ഡി) എങ്കിൽ ഈ സ്ഥാപനങ്ങളിൽ സംവരണതത്വം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സർക്കാർ നിയമനങ്ങളിൽ അർഹതപ്പെട്ടവർക്ക് സംവരണം നഷ്ടപ്പെടുന്നതായ യാതൊരു വിവരവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി, ഡി) ഭരണഘടനയുടെ 16(4) വകുപ്പനുസരിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ ലഭിക്കുന്നില്ലെന്ന് ബോദ്ധ്യമായാൽ അത്തരം വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റിന് വിശേഷാധികാരമുണ്ട്. അതായത് സംവരണം എന്ന തത്വം ഭരണഘടനയുടെ 16-ാം വകുപ്പനുസരിച്ച് സ്റ്റേറ്റിന്റെ പരിധിയിൽ മാത്രം വരുന്നതാണ്. ഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് സ്റ്റേറ്റ് എന്നത് ഗവൺമെന്റ് ഏജൻസികളോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ്കളോ ആണ്. അങ്ങനെ വരുമ്പോൾ ഗവൺമെന്റ് നിയന്ത്രണമുള്ള സ്ഥാപനങ്ങളിൽ മാത്രമേ സംവരണം പാലിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ സംവരണതത്വം നിലനിർത്താൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly